പി.ഐ നൗഷാദ് (സോളിഡാരിറ്റി സംസ്ഥാന സെക്രട്ടറി)

# യുവതയെ പോരാട്ടത്തിനും സേവനത്തിനും സജ്ജമാക്കി സോളിഡാരിറ്റി മേഖലാസമ്മേളനങ്ങൾ



**കോഴിക്കോട്:** യുവതയെ നീതിയുടെ പക്ഷത്തുനിർത്തി കേരളത്തിലെ 42 മേഖലകളിൽ നടത്തിയ മേഖലാ സമ്മേളനങ്ങൾ യുവജനങ്ങളുടെ പങ്കാളിത്തംകൊണ്ടും പ്രവർത്തനങ്ങളുടെ ജനകീയതകൊണ്ടും ശ്രദ്ധേയമായി. മുതലാളിത്തത്തിന്റെ ആഴികളിൽ ആണ്ടുപോയ യുവതയെ പോരാട്ടത്തിന്റെയും സേവനത്തിന്റെയും വിപ്ലവ പാതയിലേക്ക് നയിക്കുന്നതിന് അനുഗുണമാകുന്ന രീതിയിൽ പ്രാദേശിക തലങ്ങളിൽ ഊന്നികൊണ്ടുള്ള പ്രവർത്തന രീതികളാണ് മേഖലാ സമ്മേളനത്തിന് സോളിഡാരിറ്റി സ്വീകരിച്ചത്. മേഖലാ സമ്മേളനത്തിന്റെ പ്രമേയങ്ങളും പ്രവർത്തന രീതികളും ആവിഷ്കരിച്ചതും ആസൂത്രണം ചെയ്തതും ജില്ലാ നേതൃത്വമാണ്. പ്രാദേശിക സംഘാടനത്തിലും വളർച്ചയിലും ആശാവഹമായ വളർച്ചയുണ്ടാക്കുവാൻ അതുകൊണ്ടുതന്നെ സോളിഡാരിറ്റി സമ്മേളനങ്ങൾക്ക് സാധിച്ചിട്ടുണ്ട്.

സംസ്ഥാന സമ്മേളനത്തിന്റെയും ജില്ലാ സമ്മേളനങ്ങളുടേയും തുടർച്ചയായിരുന്നു മേഖലാ സമ്മേളനങ്ങൾ. സോളിഡാരിറ്റിയുടെ സമര സേവന പ്രവർത്തനങ്ങൾ കൂടുതൽ പ്രാദേശികമാക്കുകയെന്നത് സമ്മേളനത്തിന്റെ പ്രധാന താൽപര്യങ്ങളിലൊന്നായിരുന്നു. തദടിസ്ഥാനത്തിൽ സമ്മേളന പ്രഖ്യാപനങ്ങളിലും പ്രചാരണങ്ങളിലും അവഗണിക്കപ്പെട്ട പ്രാദേശിക പ്രശ്നങ്ങൾ പൊതു സമൂഹത്തിന്റെ മുൻപിൽ കൊണ്ടുവരാനും പരിഹാരങ്ങൾ കണ്ടെത്താനും സോളിഡാരിറ്റിക്ക് കഴിഞ്ഞിട്ടുണ്ട്. തൃശൂർ ജില്ലയിലെ മഴുവഞ്ചേരി

## സർക്കാറുകൾക്കെതിരെ നിലപാട് സ്വീകരിക്കേണ്ടിവരും

**കാവനൂർ:** കേന്ദ്രസർക്കാറിന്റെ ഇന്നേവരെയുള്ള നിലപാടുകൾ വിലയിരുത്തി അടുത്ത തെരഞ്ഞെടുപ്പിൽ ഒരു തീരുമാനമെടുക്കുമെന്ന് ജ.ഇ അമീർ ടി. ആരിഫലി പ്രഖ്യാപിച്ചു. കാവനൂരിൽ സോളിഡാരിറ്റി മേഖലാ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ന്യൂനപക്ഷങ്ങൾക്ക് ഗുണകരമായ ചില പ്രവർത്തനങ്ങൾ യു.പി.എ സർക്കാർ ചെയ്തിട്ടുണ്ട്. എന്നാൽ തീവ്രവാദ വേട്ടയുടെ പേരിൽ സി.ഐ.എ, മൊസാദ് തുടങ്ങിയ ഏജൻസികളെ കൂട്ടുപിടിച്ചാണ് രാജ്യത്തെ ഇന്റലിജന്റ്സ് ബ്യൂറോ പ്രവർത്തിക്കുന്നതെന്ന് അമീർ ആരോപിച്ചു. ഇതെല്ലാം കേന്ദ്രസർക്കാർ അറിയാതെയാണോ? - അമീർ ചോദിച്ചു.



സോളിഡാരിറ്റി കാവനൂർ മേഖലാ സമ്മേളനം ജമാഅത്തെ ഇസ്‌ലാമി അമീർ ടി. ആരിഫലി ഉദ്ഘാടനം ചെയ്യുന്നു

ന്യൂനപക്ഷവോട്ടുകൾ ഏറ്റവുമധികം നേടിയ സർക്കാരാണ് സംസ്ഥാനം ഭരിക്കുന്നത്. അതേസമയം ന്യൂനപക്ഷത്തിനുവേണ്ടി എന്തുചെയ്തുവെന്ന് സർക്കാർ പുനരാലോചിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഒരു സമഗ്രപ്രസ്ഥാനം എന്ന നിലക്ക് രാഷ്ട്രീയ കാഴ്ചപ്പാടുകളും ജമാഅത്തെ ഇസ്‌ലാമിയുടെ ഭാഗമാണ്. ദൈവവുമായി അടുക്കമെങ്കിൽ ജനസേവനവും സംസ്കരണപ്രവർത്തനങ്ങളും അനിവാര്യമാണെന്നും ജമാഅത്ത് വിശ്വസിക്കുന്നു.

നാല് മദ്ഹബിൽ വിശ്വസിക്കുന്നവർക്കും സലഫി മദ്ഹബ് അംഗീകരിക്കുന്നവർക്കുമൊക്ക ചേർന്ന് പ്രവർത്തിക്കാൻ മാത്രം വിശാലമാണ് ജമാഅത്തെ ഇസ്‌ലാമി എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

ഗ്രാമവാസികൾക്ക് വൈദ്യുതിയും വെള്ളവും ലഭിക്കാനുള്ള സമരങ്ങൾ, പാലക്കാട് ജില്ലാ ആശുപത്രി നവീകരണത്തിന് വേണ്ടിയുള്ള സമരങ്ങളും സേവനങ്ങളും, തിരുവനന്തപുരം ജില്ലയിലെ പാലോട് ഏരിയ ക്ഷയരോഗികൾക്കിടയിൽ നിർവഹിക്കുന്ന പോഷകാഹാര വിതരണ പരിപാടി, മലപ്പുറം ഈസ്റ്റ് ജില്ല ആരംഭിച്ച സേവന കേന്ദ്രങ്ങൾ, ആലപ്പുഴ ജില്ലയിലെ അരൂർ മേഖലയിലെ കരിനിലങ്ങളുടെ ഖനനത്തിനും നികത്തലുകൾക്കുമെതിരെ നടന്ന ജനകീയ സമരങ്ങൾ, കോളനികളിലേക്കുള്ള റോഡ് നിർമാണം, കണ്ണൂരിലെ നാലു സെന്റ് കോളനിയിലെ മുപ്പത് കുടുംബങ്ങൾക്കുള്ള കുടിവെള്ള പദ്ധതി, മലപ്പുറം വെസ്റ്റ് ജില്ല നടത്തിയ കാർഷികോപകരണ വിതരണ പദ്ധതി, സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ സമ്മേളന ഉപഹാരങ്ങളായി കിണർ പദ്ധതികൾ, പെൻഷനുകൾ, റേഷനുകൾ, ആതുര സഹായങ്ങൾ, ദരിദ്രർക്കുള്ള വീട് നിർമാണങ്ങൾ, തുടങ്ങി വിവിധ സമര- സേവന പ്രവർത്തനങ്ങളിലൂടെ സോളിഡാരിറ്റി സമ്മേളനങ്ങളെ ജനങ്ങൾക്ക് വേണ്ടിയുള്ള സമ്മേളനങ്ങളായി പരിവർത്തിപ്പിക്കുകയായിരുന്നു.

കേരളത്തിൽ ഉയർന്നുവരുന്ന പുതിയ പ്രശ്നങ്ങൾക്ക് പരിഹാരം തേടികൊണ്ടും യുവത അനുഭവിക്കുന്ന പ്രതിസന്ധികളുടെ കാരണങ്ങളും പരിഹാരങ്ങളും അന്വേഷിച്ചുകൊണ്ടുമുള്ള ടേബിൾ ടോക്കുകളും സെമിനാറുകളും യുവാക്കളുടെ സംഗമങ്ങളും വ്യാപകമായി സംഘടിപ്പിക്കപ്പെട്ടു. കേരളത്തിലെ യുവജന പ്രസ്ഥാനങ്ങളുടെ ആശയ പ്രതിസന്ധികളും മുതലാളിത്തത്തിന്റെ ജീർണതകളിൽ അകപ്പെട്ട യുവതയെ കുറിച്ച ആകുലതകളും ഇത്തരം ചർച്ചകളിൽ വ്യാപകമായി ഉന്നയിക്കപ്പെട്ടു. പലയിടത്തും ഏകോപന സമിതികൾ രൂപീകരിക്കുന്നതിന് സഹായകരമായി ത്തീർന്നു അത്തരം പരിപാടികൾ.

ടി. ആരിഫലി, ശൈഖ് മുഹമ്മദ് കാരകുന്ന്, എം.ഐ. അബ്ദുൽ അസീസ്, പാളയം ഇമാം ജമാലുദ്ദീൻ മങ്കട, യൂസുഫ് ഉമരി, ഡോ.കൂട്ടിൽ മുഹമ്മദലി, ഒ.അബ്ദുറഹ്മാൻ, സഫിയ ടീച്ചർ, അസൂറാ അ



സോളിഡാരിറ്റി സുൽത്താൻ ബത്തേരി മേഖലാ സമ്മേളനം ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന സെക്രട്ടറി എം.കെ മുഹമ്മദലി ഉദ്ഘാടനം ചെയ്യുന്നു

## പത്തനംതിട്ടയിൽ യുവജന കൺവെൻഷൻ

**പത്തനംതിട്ട:** സോളിഡാരിറ്റി പത്തനംതിട്ട ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച കാമ്പയിനോടനുബന്ധിച്ച് പത്തനംതിട്ടയിൽ യുവജന കൺവെൻഷൻ നടത്തി. സോളിഡാരിറ്റി സംസ്ഥാന പ്രസിഡന്റ് പി. മുജീബുർറഹ്മാൻ ഉദ്ഘാടനം ചെയ്തു.

നീതിക്കുവേണ്ടി പോരാടുന്നവരുടെ ധാർമിക വിപ്ലവ സംഘമാണ് സോളിഡാരിറ്റി. മൗലികാവകാശങ്ങൾക്കു വേണ്ടി നിലകൊണ്ട പ്രവാചകന്മാരുടെ മാതൃക പിൻപറ്റുന്ന ഈ സംഘം സാമുദായിക, വർഗീയ സംഘാടനത്തെ പ്രോത്സാഹിപ്പിക്കില്ലെന്ന് അദ്ദേഹം പറഞ്ഞു.

സേവനത്തിലും പോരാട്ടത്തിലും മതത്തിന്റെ അതിർവരമ്പുകൾ സോളിഡാരിറ്റി നിശ്ചയിച്ചിട്ടില്ല. മനുഷ്യരോടും ദൈവത്തോടും ചുറ്റുപാടിനോടും ബാധ്യതയുള്ള പൗരനെയാണ് സോളിഡാരിറ്റി സൃഷ്ടിക്കുന്നത്. രാജ്യദ്രോഹികൾക്ക് ഭരണാധികാരികൾ ചുവപ്പ് പരവതാനി വിരിക്കുമ്പോൾ പ്രതിരോധം തീർക്കുന്ന ധർമമാണ് സോളിഡാരിറ്റി നിർവഹിക്കുന്നത്. ഇല്ലാത്തവന്റെ ഇന്ത്യ അരക്ഷിതാവസ്ഥയിലാണ്. ഈ അവസ്ഥ മാറി സുരക്ഷിത ഇന്ത്യ കെട്ടിപ്പടുക്കുകയാണ് സോളിഡാരിറ്റിയുടെ ശ്രമം. അദ്ദേഹം പറഞ്ഞു.

## സോളിഡാരിറ്റി അരൂർ മേഖലാ സമ്മേളനം

**പൂച്ചാക്കൽ:** ആലപ്പുഴ ജില്ലയിലെ അരൂരിൽ നടത്തിയ മേഖലാ സമ്മേളനവും റാലിയും സാമ്രാജ്യത്വ അധിനിവേശത്തിനും പുത്തൻ സാമ്പത്തിക വ്യവസ്ഥിതിക്കുമെതിരെയുള്ള താക്കീതായി. സോളിഡാരിറ്റി സംസ്ഥാന അധ്യക്ഷൻ പി. മുജീബുർറഹ്മാൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. വിവിധ മുന്നണികൾ കേരള ജനതയെ ശവഘോഷയാത്രയിലേക്ക് നയിക്കുന്ന നാണം കെട്ട കാലമാണിത്. യാത്രകൾ നടത്തുന്നവർ കേരളത്തിന്റെ സാമൂഹിക പ്രശ്നങ്ങളൊന്നും ഉയർത്തുന്നില്ല. തങ്ങളുടെ പാർട്ടിയിലുള്ളവരെ തന്നെ വെല്ലുവിളിച്ചാണ് യാത്ര നടത്തുന്നത്. പ്രമുഖ പരിസ്ഥിതി പ്രവർത്തകൻ സി.ആർ നീലകണ്ഠൻ മുഖ്യപ്രഭാഷണം നടത്തി. വൈദ്യുതിയുമായി ബന്ധപ്പെട്ട് എന്തിനാണ് ആശുപത്രി? വൻ അഴിമതികൾ നടക്കുന്ന ഇത്തരം കരാറുകളെ തുടർന്നാണ് വൈദ്യുതി ചാർജ് അടിക്കടി കൂടുന്നത്. മലബാർ കാൻസർ സെന്ററിനുവേണ്ടി ആർക്ക് പണം കൊടുക്കണമെന്നാണ് കരാറിലുള്ളത്? സി.ബി.ഐയോടുള്ള കുറ്റമൊഴിയിൽ ലാവ്‌ലിൻ കരാറിൽ ഒരു തകരാറുമില്ലെന്നു പറഞ്ഞ മുൻവൈദ്യുതിമന്ത്രി കുറ്റക്കാർ ഉദ്യോഗസ്ഥരാണെന്ന് പിന്നീട് മാറ്റിപ്പറഞ്ഞതെന്തിനാണെന്നും അദ്ദേഹം ചോദിച്ചു.



സോളിഡാരിറ്റി പത്തനംതിട്ടയിൽ സംഘടിപ്പിച്ച യുവജന കൺവെൻഷനിൽ സംസ്ഥാന പ്രസിഡന്റ് പി. മുജീബുർറഹ്മാൻ

ലി, ഇ.സി ആയിശ, പി. മുജീബുർറഹ്മാൻ, കെ.എ. ശഫീഖ്, ഡോ. കെ. മുഹമ്മദ് നജീബ്, കെ.എ. ഫൈസൽ, ഖാലിദ് മൂസ, സലീം മമ്പാട്, അബ്ദുൽ ഹക്കീം നദ്‌വി, ടി. മുഹമ്മദ്, പി. സ്വാലിഹ്, ബിശ്റുദ്ദീൻ ശർഖി, സി.ദാവൂദ്, ഷിഹാബ് പൂക്കോട്ടൂർ, കെ.പി രാമനുണ്ണി, സി.ആർ നീലകണ്ഠൻ, ഓടനാവട്ടം വിജയപ്രകാശ്, ഫാദർ എബ്രഹാം ജോസഫ്, ആർ. അജയൻ, പി.കെ പ്രകാശ്, വിളയോടി വേണുഗോപാൽ, ളാഹ ഗോപാലൻ, ഇയ്യച്ചേരി കുഞ്ഞികൃഷ്ണൻ, എൻ.യു. ജോൺ, കെ.എം. സലീംകുമാർ, ചേറ്റൂർ രാധാകൃഷ്ണൻ, സുന്ദർരാജ്, പി.എ. പൗരൻ, ജോസഫ് മാഷ്, കല്ലേൽ പൊക്കുടൻ തുടങ്ങിയ ജമാഅത്തെ ഇസ്‌ലാമി നേതാക്കൾ, കേരളത്തിലെ പ്രമുഖ മനുഷ്യാവകാശ പ്രവർത്തകർ, സമര നായകർ എന്നിവരുടെ ശ്രദ്ധേയമായ സാന്നിദ്ധ്യം സമ്മേളനത്തിനുണ്ടായിരുന്നു.

കോഴിക്കോട്, എറണാകുളം ജില്ലകൾ കൂടാതെ അമ്പതിനായിരത്തിലധികം ആളുകൾ മേഖലാ സമ്മേളനങ്ങളിൽ സന്നിഹിതരായി എന്നത് സോളിഡാരിറ്റി സമൂഹത്തിൽ സൃഷ്ടിക്കുന്ന സ്വീകാര്യതയുടെ ഉത്തമ ദൃഷ്ടാന്തമാണ്. പല മേഖലാ സമ്മേളനങ്ങളിലും ദളിത്, ആദിവാസി അവശജനവിഭാഗങ്ങളുടെ പങ്കാളിത്തവും സമര സമിതികളുടെയും പോരാളികളുടെയും അഭിവാദ്യങ്ങളും ഏറെ ഹൃദ്യമായി. നീതി ലഭിക്കുന്നതിന് വേണ്ടി സമ്മേളനങ്ങളിൽ സോളിഡാരിറ്റി നേതൃത്വത്തിന് പരാതികൾ നൽകുന്ന അനുഭവങ്ങൾ സോളിഡാരിറ്റിയുടെ ദൗത്യത്തിന്റെ പ്രസക്തിയും ഉത്തരവാദിത്വത്തിന്റെ ഭാരവും ബോധ്യപ്പെടുത്തുന്നു. ദൈവാനുഗ്രഹത്താൽ സോളിഡാരിറ്റിയുടെ ജനകീയ അടിത്തറ വിപുലപ്പെടുത്തുന്നതിൽ പ്രധാന നാഴികക്കല്ലുകളിലൊന്നായിത്തീർന്നിരിക്കുകയാണ് മേഖലാ സമ്മേളനങ്ങൾ. ■



സോളിഡാരിറ്റി ആറ്റിങ്ങൽ മേഖലാ സമ്മേളനം സംസ്ഥാന ജനറൽ സെക്രട്ടറി കെ.എ ഷഫീഖ് ഉദ്ഘാടനം ചെയ്യുന്നു